(ഡി) പദ്ധതി നടപ്പാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനായും ILDM പ്രോഗ്രാം ഓഫീസർ നോഡൽ ഓഫീസറായും പത്തനംതിട്ട, മലപ്പുറം ജില്ലാ കളക്ടർമാർ, ഇറിഗേഷൻ ചീഫ് എഞ്ചിനീയർ തുടങ്ങിയ ഒഫിഷ്യൽ അംഗങ്ങളും ശ്രീ. എബ്രഹാം മാത്യു, ശ്രീ. ചെറിയാൻ കോശി എന്നിവർ അംഗങ്ങളായും ഒരു മോണിട്ടറിംഗ് സെൽ രൂപീകരിക്കുകയും ഈ മോണിട്ടറിംഗ് സെൽ അംഗങ്ങൾ ഉൾപ്പെട്ട പാനൽ സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമിതട്ടിപ്പിലൂടെ അപഹരിക്കപ്പെട്ട സ്ഥലങ്ങൾ

56 (2549) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷങ്ങൾക്കിടയിൽ സംസ്ഥാനത്ത് എത്ര ഭൂമി തട്ടിപ്പ് കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ സി.ബി.ഐ അന്വേഷിക്കുന്ന കേസ്സുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) സി.ബി.ഐ അന്വേഷണത്തെ തുടർന്ന് ഇതുവരെയായി എത്ര പേരെ അറസ്റ്റ് ചെയ്തു ; അവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കാലയളവിൽ ഭൂമി തട്ടിപ്പിലൂടെ ഇതുവരെയായി എത്ര ഹെക്ടർ സ്ഥലം അപഹരിക്കപ്പെട്ടിട്ടുണ്ട് എന്നും അവ എവിടെയെല്ലാമെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) കളമശ്ശേരി, കടകംപള്ളി എന്നിവിടങ്ങളിലായി 2 ഭൂമിതട്ടിപ്പുകേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ട് കേസ്സുകളിലും സി.ബി.ഐ. അന്വേഷണം നടന്നു വരുന്നു.

(ബി) സി.ബി.ഐ. അന്വേഷണവുമായി ബന്ധപ്പെട്ട് കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. വിദ്യോദയ കുമാറിനേയും കളമശ്ശേരി ഭൂമി തട്ടിപ്പുകേസിൽ വില്ലേജ് ഓഫീസർ ശ്രീ. കെ.എസ്. സാബുവിനേയും സ്പെഷ്യൽ വില്ലേജ് ഓഫീസർ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. മുറാദിനേയും സീനിയർ ക്ലാർക്ക് ശ്രീ. ഗീവർഗ്ഗീസിനെയും സി.ബി.ഐ. അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഭൂമി തട്ടിപ്പിലൂടെ അപഹരിക്കപ്പെട്ട ഭൂമിയുടെ അളവ് സംബന്ധിച്ച വിവരം അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ.

പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ

57 (2550) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനംമുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുന്നുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിച്ചു ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) 31-12-2011 വരെ കുടിശ്ശികയുള്ള ഫയലുകളിൽ കോടതി കേസ്സുകൾ ഒഴികെയുള്ള സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനും എൽ.ആർ.എം., മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, എൻ.എഫ്.ബി.എസ്., പോക്കുവരവ്, ഭൂമി സംബന്ധമായ മറ്റ് വിഷയങ്ങൾ, പട്ടയം എന്നീ വിഷയങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് അദാലത്ത് സംഘടിപ്പിച്ചത്.

(സി) പ്രീ-അദാലത്തിന്റെ ഫലമായി 5,14,581 പരാതികൾ പരിഹരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly